**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3703** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ സ്മാർട്ട് കൃഷിഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ ഏതൊക്കെ കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി, ബേഡഡുക്ക, പുത്തിഗെ, കിനാനൂർ-കരിന്തളം എന്നീ കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിയിലേക്ക് കൃഷിഭവനുകളെ തിരഞ്ഞെടുക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സ്മാർട്ട് കൃഷി ഭവൻ പദ്ധതിയുടെ ആദ്യ ഘട്ടമായി 09.05.2022 ലെ G.O(Rt) No.32/2022/കൃഷി ഉത്തരവു പ്രകാരം സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിൽ നിന്നും ഒരു കൃഷി ഭവൻ എന്ന രീതിയിൽ 140 കൃഷി ഭവനുകളെ ഘട്ടം ഘട്ടമായി സ്മാർട്ട് കൃഷി ഭവനുകളായി ഉയർത്തുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് അടിസ്ഥാന സൗകര്യവികസനം ആവശ്യമായി വരുന്നതും സ്മാർട്ട് കൃഷിഭവനായി മാറ്റാൻ കഴിയുന്നതുമായ കൃഷിഭവനുകളെ അതാത് എം.എൽ.എ മാർ ലഭ്യമാക്കിയ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്മാർട്ട് കൃഷി ഭവനാക്കുന്നതിനായി തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. |
| (സി) | 2025-2026 വർഷത്തിൽ ഈ പദ്ധതിക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | 2025-26 വർഷത്തിൽ ഈ പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്ന് ₹10.47687 ലക്ഷം രൂപ കാസർഗോഡ് ജില്ലക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ